**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6200** **09-07-2024 - ൽ മറുപടിയ്ക്ക്**

**കൈപ്പമംഗലം മണ്ഡലത്തിലെ അഴീക്കോട് മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിൽ പുതിയ കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | കൈപ്പമംഗലം മണ്ഡലത്തിലെ അഴീക്കോട് മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ പൂർണ്ണമായും വിനിയോഗിച്ചുകൊണ്ട് തൊഴിൽ സാധ്യതയുള്ള കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | കേരള മാരിടൈം ബോർഡിന്റെ കീഴിലുള്ള കൊടുങ്ങല്ലൂർ മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിലെ ഭൗതിക സാഹചര്യങ്ങൾ വിനിയോഗിച്ചുകൊണ്ട് സമുദ്രാധിഷ്ഠിതവും ഉൾനാടൻജലഗതാഗതവും ആയി ബന്ധപ്പെട്ട തൊഴിൽ സാധ്യതകളുള്ള കോഴ്സുകൾ ആരംഭിക്കുന്നതിന് കേരള മാരിടൈം ബോർഡ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉൾനാടൻ ജലഗതാഗത നിയമവും അതിനു കീഴിലുള്ള ചട്ടങ്ങളും അനുശാസിക്കുന്ന പരിശീലന പരിപാടികളും ആരംഭിച്ചിട്ടുണ്ട്. കേരള ഹാർബർ ക്രാഫ്റ്റ് ചട്ടങ്ങൾ പ്രകാരമുള്ള കോഴ്സുകൾ, പരിശീലന പരിപാടികൾ എന്നിവ ആരംഭിക്കുന്നതിനും മർക്കന്റൈൽ മറൈൻ ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ട ഡ്രെഡ്ജിംഗ് എൻഫോഴ്സ്മെന്റ് സംബന്ധമായ കോഴ്സുകൾ ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ കേരള മാരിടൈം ബോർഡിന്റെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ടുകൾ മികവിന്റെ കേന്ദ്രങ്ങൾ ആക്കാനും ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗ് അംഗീകൃത കോഴ്സുകൾ ഉൾപ്പെടെയുള്ളവ ആരംഭിക്കുന്നതിനുള്ള നടപടികളും കേരള മാരിടൈം ബോർഡ് സ്വീകരിച്ചു വരുന്നു. |
| (ബി) | എങ്കിൽ ഈ ഇൻസ്റ്റിറ്റ്യൂട്ടിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | കേരള മാരിടൈം ബോർഡിന്റെ കീഴിലുള്ള കൊടുങ്ങല്ലൂർ മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിലെ ഭൗതിക സാഹചര്യങ്ങൾ വിനിയോഗിച്ചുകൊണ്ട് സമുദ്രാധിഷ്ഠിതവും ഉൾനാടൻജലഗതാഗതവും ആയി ബന്ധപ്പെട്ട തൊഴിൽ സാധ്യതകളുള്ള കോഴ്സുകൾ ആരംഭിക്കുന്നതിന് കേരള മാരിടൈം ബോർഡ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉൾനാടൻ ജലഗതാഗത നിയമവും അതിനു കീഴിലുള്ള ചട്ടങ്ങളും അനുശാസിക്കുന്ന പരിശീലന പരിപാടികളും ആരംഭിച്ചിട്ടുണ്ട്. കേരള ഹാർബർ ക്രാഫ്റ്റ് ചട്ടങ്ങൾ പ്രകാരമുള്ള കോഴ്സുകൾ, പരിശീലന പരിപാടികൾ എന്നിവ ആരംഭിക്കുന്നതിനും മർക്കന്റൈൽ മറൈൻ |

| | | | |
|---|---|---|---|
| | | | ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ട ഡ്രെഡ്ജിംഗ് എൻഫോഴ്സ്മെന്റ് സംബന്ധമായ കോഴ്സുകൾ ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ കേരള മാരിടൈം ബോർഡിന്റെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ടുകൾ മികവിന്റെ കേന്ദ്രങ്ങൾ ആക്കാനും ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗ് അംഗീകൃത കോഴ്സുകൾ ഉൾപ്പെടെയുള്ളവ ആരംഭിക്കുന്നതിനുള്ള നടപടികളും കേരള മാരിടൈം ബോർഡ് സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ